നമ്പർ.വി(1)38295/08

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 19.12.2009

## സർക്കുലർ 58/2009

വിഷയം: സഹകരണ വകുപ്പ് - വിജിലൻസ് - സഹകരണ വകുപ്പിലുള്ള ഉദ്യോഗസ്ഥരെ പ്രത്യേക ഡ്യൂട്ടിക്ക് നിയോഗിക്കുമ്പോൾ ആഫീസിലെ എല്ലാജീവനക്കാരെയും ഒരുമിച്ച് നിയോഗിക്കരുത് എന്ന് നിർദ്ദേശിക്കുന്നത് സംബന്ധിച്ച്.

സൂചന: സർക്കാരിന്റെ 28.08.2009 ലെ 10435/എ1/08/സഹ നമ്പർ കത്ത്

..............

2008 ഏപ്രിൽമാസത്തിൽ സഹകരണ വകുപ്പിലെ ഒരു അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) ആഫീസിൽ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ നിന്നുള്ള ഫിനാൻസ് (പരിശോധന) വിംഗ് നീക്കിയിരിപ്പു പരിശോധനക്കായി എത്തിച്ചേർന്നപ്പോൾ, ആഫീസിൽ ഉത്തരവാദപ്പെട്ട ആരും തന്നെ ഇല്ലായിരുന്നുവെന്നും തുടർന്ന് നടത്തിയ അന്വേഷണത്തിൽ വർഷാന്ത്യ കണക്കെടുപ്പിനായി അസിസ്റ്റന്റ് രജിസ്ട്രാർ ഉൾപ്പെടെയുള്ള എല്ലാ ഉദ്യോഗസ്ഥരെയും നിയോഗിച്ചതിനാലാണ് ഇപ്രകാരം സംഭവിച്ചത് എന്നും വിവരം ലഭിക്കുകയുണ്ടായി. ഈ വസ്തുതകൾ പരിശോധിച്ച് സൂചന പ്രകാരം സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് താഴെ പറയും പ്രകാരം നിർദ്ദേശം ഈ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥർക്കും നൽകുന്നു. മേലിൽ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽവരുന്ന ഉദ്യോഗസ്ഥരെ സ്റ്റോക്ക്വെരിഫിക്കേഷൻ,തെരഞ്ഞെടുപ്പ് തുടങ്ങി ഏതൊരു ഇതര ഔദ്യോഗിക കൃത്യനിർവ്വഹണത്തിനും നിയോഗിക്കുമ്പോൾ രേഖാമൂലം ഉത്തരവുകൾ നൽകേണ്ടതും, ഇത്തരം ഉത്തരവുകളിൽ ഒരു ആഫീസിലെ എല്ലാ ഉദ്യോഗസ്ഥരെയും ഒരുമിച്ച് ഇതര ഡ്യൂട്ടിക്കായി നിയോഗിക്കുന്ന പ്രവണത തീർത്തും ഒഴിവാക്കേണ്ടതും, ഉത്തരവാദപ്പെട്ട ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനെങ്കിലും ആഫീസ് സമയത്ത് ആഫീസിൽ ഹാജരുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഈ സർക്കുലർ കൈ പറ്റിയ വിവരം എല്ലാ ജോയിന്റ് രജിസ്ട്രാർമാരും ഈ ആഫീസിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
**റാണി ജോർജ്ജ്.ഐ.എ.എസ്.**
**സഹകരണ സംഘം രജിസ്ട്രാർ**

**എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും(ആഡിറ്റ് & ജനറൽ)**

**പകർപ്പ്:** 1. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
2. ഈ ആഫീസിലെ എല്ലാ അഡീഷണൽ/ജോയിന്റ്/ഡെപ്യൂട്ടി രജിസ്ട്രാർമാർക്കും, സെക്ഷൻ സൂപ്രണ്ടുമാർക്കും
3. സ്റ്റോക്ക് ഫയൽ/സ്പെയർ.

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)

എസ്.എ/21.12

21.12.09